മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ പഠന റിപ്പോർട്ട്

110(1934)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് പ്രകാരം എന്തെല്ലാം മാറ്റങ്ങളാണ് വകുപ്പിലുണ്ടാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അതിനുവേണ്ടി ഫണ്ട് നീക്കി വച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അടുത്ത ബഡ്ജറ്റിൽ പുതിയ സബ്സിഡികളുടെ രൂപീകരണത്തിനായി ഫണ്ട് നീക്കിവയ്ക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇപ്പോൾ ഒരു പഠനം നടത്തിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

(ബി)-(ഡി) ബാധകമല്ല.

വാഹന നികുതികൾ ബാങ്കിൽ അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ

111 (1935)പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന നികുതികൾ ബാങ്കിൽ അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ സൗകര്യം എപ്പോൾ മുതൽ ഏർപ്പെടുത്തുമെന്നും അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)വാഹന നികുതികൾ ബാങ്കു മുഖേന അടയ്ക്കുന്നതിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

112 (1936)ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ് :

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധന വിനനുസൃതമായി മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) വാഹനാനുപാതമനുസരിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിനെ പറ്റിയുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) 1963-ൽ രൂപീകരിച്ച എൻഫോഴ്സ്മെന്റ് സ്കാഡ് ശക്തിപ്പെടുത്തുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ;

(ഡി) ഉദ്യോഗസ്ഥൻമാരുടെ കുറവുമൂലം നികുതി നഷ്ടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണമെന്താണ്; ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കും;

(എഫ്) മോട്ടോർ വാഹന വകുപ്പിൽ പ്രധാന ജില്ലകളിൽ റൂറൽ ഓഫീസുകളും കൂടുതൽ സബ് ആർ.ടി. ഓഫീസുകളും തുടങ്ങുമോയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(സി) മോട്ടോർ വാഹന വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമഗ്രമായ വർക്ക് സ്റ്റഡി നടത്തി വരികയാണ്. വർക്ക് സ്റ്റഡി റിപ്പോർട്ട് ഉടൻ ലഭ്യമാക്കുമെന്ന് ആ വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പഠിച്ചതിന്ശേഷം ഇക്കാര്യത്തിൽ യുക്തവും ഉചിതവുമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) വർക്ക്സ്റ്റഡി റിപ്പോർട്ട് കിട്ടിയശേഷം പരിശോധിക്കുന്നതാണ്.

(ഇ) കാലതാമസത്തിനുള്ള കാരണം ഡ്രൈവിംഗ് ടെസ്റ്റ് കൂടുതൽ കർശനമാക്കിയതും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ എണ്ണത്തിലെ അപര്യാപ്തതയുമാണ്. ഡ്രൈവിംഗ് ലൈസൻസ് കഴിയുന്നതും വേഗം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(എഫ്) വർക്ക് സ്റ്റഡി റിപ്പോർട്ട് കിട്ടിയശേഷം ഈ കാര്യം പരിശോധിക്കുന്നതാണ്.

വെയിറ്റിംഗ് ഷെഡ് പണിയുന്നതിന് ഫോറസ്റ്റ് വകഭൂമി വിട്ടുകൊടുക്കുന്നതിനുള്ള നടപടി

113(1937) ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മണ്ണൂർ-വാളകം റൂട്ടിൽ നെല്ലാട്ട് കവലയ്ക്ക് 1 കി.മീ. തെക്ക് ഗാന്ധിഗ്രാം സൊസൈറ്റി ഇലഞ്ഞിക്കാപ്പിള്ളി-കാവ്-പാലത്താലി റോഡ് ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് പണിയുന്നതിന് ഫോറസ്റ്റ്വക ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly